# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.5410 — 06.07.2012-ൽ മറുപടിക്ക്

### ആശാ വർക്കേഴ്സിന് ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ആശാവർക്കേഴ്സിന് ആകസ്മികമായി ഏതെങ്കിലും ഒരു പ്രതിമാസ യോഗത്തിൽ ഹാജരാകാൻ കഴിഞ്ഞില്ലെങ്കിൽ അവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (എ) | കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം ആശാ പ്രവർത്തകർക്ക് പ്രതിമാസ യോഗത്തിൽ പങ്കെടുക്കുന്നതിന് 100 രൂപ ഇൻസെന്റീവായി നൽകുന്നു. ആകസ്മികമായി ഏതെങ്കിലും യോഗത്തിൽ ഹാജരാകാൻ കഴിയാത്തതുകൊണ്ട് ആനുകൂല്യങ്ങൾ നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അടിയന്തിര സാഹചര്യം കൊണ്ടാണ് ഹാജരാകാൻ കഴിയാതെ വരുന്നതെങ്കിൽ ആയത് മനസ്സിലാക്കി ആനുകൂല്യം നൽകുന്നതിന് തയ്യാറാകുമോ ; | (ബി) | ,പരാതി ലഭിച്ചാൽ പരിശോധിക്കുന്നതാണ്. |
| (സി) | അസുഖം, അടുത്ത ബന്ധുക്കളുടെ മരണം തുടങ്ങി സ്വാഭാവികമായി ഉണ്ടാകുന്ന സാഹചര്യമാണെന്ന് കണക്കിലെടുത്ത് ഇക്കാര്യത്തിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കുമോ ? | (സി) | ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ